1/3

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ അംഗപരിമിത സംവരണം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് -ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(അച്ചടി) നം.14/2019/സാ.നീ.വ തിരുവനന്തപുരം, തീയതി 30.11.2019

പരാമർശം- G.O(P) No.11/19/SJD dtd. 25/10/2019

## ഉത്തരവ്

പരാമർശം ഉത്തരവ് പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ അംഗപരിമിത സംവരണം 4 % അനുവദിച്ചുകൊണ്ട് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ ഖണ്ഡിക 4 (ii) പ്രകാരം സംവരണാനുകൂല്യം ലഭിക്കുന്നതിനായി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക അനുബന്ധമായി ചേർത്തിരുന്നു. ആയതിൽ ചില അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശത്തിലെ സർക്കാർ ഉത്തരവിന്റെ ഖണ്ഡിക 4 (ii) താഴെ പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

"സംവരണാനുകൂല്യം ലഭിക്കുന്നതിനായി കെ.എ.എസ് അപേക്ഷകർ, അനുബന്ധമായി ചേർത്തിരിക്കുന്ന പുതുക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്."

മേൽപ്പറഞ്ഞ ഭേദഗതിയോടെ പരാമർശത്തിലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഷർമ്മിള മേരി ജോസഫ്
സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം (with C/L)
സെക്രട്ടറി, പൊതു ഭരണ വകുപ്പ്
സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, വികാസ്ഭവൻ, തിരുവനന്തപുരം
കമ്മീഷണർ, അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്, പൂജപ്പുര, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

PDF processed with CutePDF evaluation edition www.CutePDF.com

2/3

## Job Oriented Physical and Functionality Certification

Recent passport size attested photograph of the person with disability.

**Certificate No:** **Date of issue:**

This is to certify that I have carefully examined Shri/Smt/Kum ____________________ son/wife/daughter of Shri ________________ Date of Birth (DD/MM/YY) ___/___/___ Age ___years, male/female ______ with disability certificate No.________________

Permanent resident of House No.__________ Ward/Village/Street ______________ Post Office ______________ District ____________ State Kerala, whose photograph is affixed above, has been evaluated for the job oriented physical and functional capabilities, and is shown against the physical requirement and Categories of disability.

**Physical Requirement**

Please mark "yes" if physical requirement is present, Strike out if the requirement is not present

Example: One Arm – if present - [ **Yes** ] One Arm – if absent - [ / ]

| | | | | | |
|---|---|---|---|---|---|
| 1 | One Arm (OA) | | 15 | Kneeling & Crouching (KC) | |
| 2 | One Leg (OL) | | 16 | Lifting (L) | |
| 3 | One Arm and One Leg (OAL) | | 17 | Movement (M) | |
| 4 | Both Arms (BA) | | 18 | Manipulation by Fingers (MF) | |
| 5 | Both Leg (BL) | | 19 | Observing (Watching) (O) | |
| 6 | Both Legs and Arms (BLA) | | 20 | Picking (P) | |
| 7 | Both Legs and One Arm (BLOA) | | 21 | Pulling and Pushing (PP) | |
| 8 | Bending (BN) | | 22 | Reading (R) | |
| 9 | Communication (C) | | 23 | Seeing (SE) | |
| 10 | Climbing (CL) | | 24 | Sitting (S) | |
| 11 | Crawling (CRL) | | 25 | Standing (ST) | |
| 12 | Hearing (H) | | 26 | Walking (W) | |
| 13 | Holding (HO) | | 27 | Writing (WR) | |
| 14 | Jumping (JU) | | | | |

| | | | | | |
|---|---|---|---|---|---|
| **Categories of Disability** | | | | | |
| **I. Visual Impairment (VI)** | | | | | |
| Ia | Blindness (B)<br>Category IV a - 90%<br>IV b – 100% | | Ib | Low Vision (LV)<br>Category IIIa (Low Vision 40%)<br>IIIb (Low Vision 50%)<br>IIIc (Low Vision 60%)<br>IIId (Low Vision 70%)<br>IIIe (Low Vision 80%) | |
| **II. Hearing Impairment (HI)** | | | | | |
| IIa | Deaf (D) (70dB loss in BE)<br>Communication as assessed in WHODAS 2 ________% | | IIb | Hard of Hearing(HH)(60-70dB loss in BE) | |
| IIc | Speech and Language Disability (SL) ____________% | | | | |
| **III. Locomotor disability including cerebral palsy, leprosy cured, dwarfism, acid attack victims and muscular dystrophy:** | | | | | |
| IIIa | Locomotor Disability _____% | | IIIe | Cerebral Palsy (CP)<br>GMFCS Level I (<40%)<br>Level II (40-50%)<br>Level III (51-60%))<br>Level IV (61-79%)<br>Level V (80% or more)<br>MACS Level I (20%)<br>Level II (30%)<br>Level III (40%))<br>Level IV (55%)<br>Level V (70% or more) | |
| IIIb | Dwarfism(DW) ________%<br>Communication as assessed in WHODAS 2 ________% | | | | |
| IIIc | Leprosy Cured (LC)<br>WHO Grading Grade 0<br>Grade 1<br>Grade 2 | | | | |
| IIId | Muscular Dystrophy (MD) _____% | | IIIf | Acid Attack Victims (AAV) __________% | |
| | **Category IV** | | | | |
| IVa | Autism (ASD) | | IVb | Specific Learning Disability (SLD)_______% | |
| IVc | Intellectual Disability (ID)<br>VSMS Score Disability –100%<br>Disability – 90%<br>Disability – 75%<br>Disability – 50%<br>Disability – 25% | | IVd | Mental Illness (MI)<br>IDEAS Scoring 0-No disability<br>1-Mild<br>2-Moderate<br>3=Severe<br>4=Profound | |
| V | **Category V - Multiple Disability** | | | | |
| | Disability 1 ..................%<br>Disability 2 ..................% | 2 Disabilities – a + [b x (90-a)] / 90 if a > b<br>Overall Disability Percentage ..................% | | | |

(Guidelines for evaluation of various disabilities and procedure for certification, Jan 5, 2018, Gazette of India)

Authorised Signatory of notified Medical Authority
Name and seal

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- സർക്കാർ എസ്റ്റാബ്ലിഷ് മെന്റുകളിലെ അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്ക് അനുവദിച്ചിരുന്ന സംവരണം 3 % ൽ നിന്നും 4 % ആയി ഉയർത്തിക്കൊണ്ടും - PSC മുഖേനയുള്ള മത്സര പരീക്ഷകളിൽ സംവരണം നിലവിൽ വരുന്നതിനു മുൻപ് അംഗപരിമിത ഉദ്യോഗാർത്ഥികൾക്ക് ഏർപ്പെടുത്തിയിരുന്ന ഗ്രേസ് മാർക്ക് സിസ്റ്റം നിർത്തലാക്കിക്കൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(അച്ചടി) നം. 12/2019/സാ.നീ.വ തീയതി തിരുവനന്തപുരം,31.10.2019

പരാമർശം:- 1 സ.ഉ.(പി) നം 158/73/പി.ഡി. തീയതി 29/05/1973

2 സ.ഉ.(പി) നം 30/78/ജിഎഡി തീയതി 16/01/1978

3. സ.ഉ.(പി)നം. 20/98/ഉ.ഭ.പ.വ തീയതി 14.07.1998

4. സ.ഉ.(പി)നം .46/2008/സാ.ക്ഷേ.വ തീയതി 19.7.2008

5. സ.ഉ.(പി) നം 08/2017/സാനീവ തീയതി 06.05.2017

6. സ.ഉ.(പി) നം 08/2018/സാനീവ തീയതി 19.06.2018

7. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 30/10/2019 ലെ A VIII (1) 4068/03/GW/D1 നമ്പർ കത്ത്.

## ഉത്തരവ്

1995 - ലെ The Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act സെക്ഷൻ 33 പ്രകാരം, ഭിന്നശേഷിക്കാർക്ക് ടി ആക്ടിലെ സെക്ഷൻ 2 പ്രകാരം നിർവചിച്ചിരിക്കുന്ന സർക്കാർ എസ്റ്റാബ്ലിഷ് മെന്റുകളിലെ നിയമനങ്ങളിൽ 3% സംവരണം വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത നിയമ പ്രകാരം താഴെപ്പറയുന്ന ഭിന്നശേഷി വിഭാഗങ്ങൾക്ക് നിയമനങ്ങളിൽ 1% വീതം സംവരണം നൽകാൻ വ്യവസ്ഥ ചെയ്തിരുന്നു :-

(i) Blindness or low vision
(ii) Hearing impairment
(iii) Locomotor disability or cerebral palsy

2. ആയത് സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ട് സംസ്ഥാന സർവ്വീസിലെ ക്ലാസ്സ് 3, 4 തസ്തികകളിൽ അംഗപരിമിതർക്ക് സംവരണം ഉറപ്പാക്കിയും അനുയോജ്യമായ തസ്തികകൾ കണ്ടെത്തിയും പരാമർശം 3 പ്രകാരം ഉത്തരവായിരുന്നു. പരാമർശം 4 പ്രകാരം അംഗപരിമിത നിയമനങ്ങളിലെ ഊഴം 100 പോയിന്റ് നിയമന റോസ്റ്ററിൽ 33, 66, 99 എന്നീ സ്ഥാനങ്ങളായി നിജപ്പെടുത്തിയിരുന്നു. പരാമർശം 5 പ്രകാരം അംഗപരിമിതർക്ക് പി. എസ്. സി മുഖേനയുള്ള നിയമനങ്ങളിൽ 3% സംവരണം 100 പോയിന്റ് നിയമന റോസ്റ്ററിലെ 33, 66, 99 എന്നീ ഔട്ട് ഓഫ് ടേണുകൾക്ക് പകരമായി 1, 34, 67 ഔട്ട് ഓഫ് ടേണുകളാക്കി നിശ്ചയിച്ച് ഉത്തരവായിരുന്നു .

3. എന്നാൽ, The Rights of Persons with Disabilities Act 2016, 19.4.2017-ന് നിലവിൽ വന്ന സാഹചര്യത്തിൽ സർക്കാർ എസ്റ്റാബ്ലിഷ് മെന്റുകളിലെ സംവരണം കുറഞ്ഞത് 4% ആയി ഉയർത്തേണ്ടതും ആയത് താഴെ പറയുന്ന അംഗപരിമിത വിഭാഗങ്ങൾക്കായി അനുവദിക്കേണ്ടതുമാണ്.

PDF processed with CutePDF evaluation edition www.CutePDF.com

(a) Blindness and low vision
(b) Deaf and hard of hearing
(c) Locomotor disability including cerebral palsy, leprosy cured, dwarfism, acid attack victims & muscular distrophy.

എന്നീ മൂന്നു വിഭാഗങ്ങൾക്കു പുറമേ

(d) autism, intellectual disability, specific learning disability and mental illness:
(e) multiple disabilities from amongst persons under clauses (a) to (d) including deaf, blindness in the posts identified for each disabilities:

എന്നീ രണ്ടു വിഭാഗങ്ങൾക്കു കൂടി ആകെ ഒരു ശതമാനം സംവരണം അധികമായി അനുവദിക്കുവാനും വ്യവസ്ഥ ചെയ്യുന്നു.

4. സർക്കാർ ഇക്കാര്യം പി.എസ്.സി യുമായി ബന്ധപ്പെട്ട് വിശദമായി പരിശോധിച്ചു. സർക്കാർ തീരുമാനം ഭേദഗതികളോടെ പി.എസ്.സി അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു:

(i) RPwD ആക്ട് 2016 ൽ പരാമർശിക്കുന്ന സർക്കാർ എസ്റ്റാബ്ലിഷ് മെന്റുകളിലെ നിയമനങ്ങളിൽ അംഗപരിമിത സംവരണം 3% ത്തിൽ നിന്ന് 4 % ആയി ഉയർത്തിയും ആയത് 100 പോയിന്റ് നിയമന റോസ്റ്ററിലെ 1, 26, 51, 76 എന്ന ടേണുകളിൽ അനുവദിച്ചു കൊണ്ടും ഉത്തരവാകുന്നു.

(ii) പി.എസ്.സി മുഖേനയുള്ള തിരഞ്ഞെടുപ്പുകളിൽ പരാമർശം 1, 2 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അംഗപരിമിത ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക സംവരണം നിലവിൽ വരുന്നതിന് മുൻപ് അനുവദിച്ചിരുന്ന ഗ്രേസ് മാർക്ക് സിസ്റ്റം ഇതിനാൽ നിറുത്തലാക്കിക്കൊണ്ടും ഉത്തരവാകുന്നു.

iii) 1995 - ലെ The Persons with Disabilities (Equal Opportunities, Protection of Rights and Full Participation ) ആക്ടിന്റെ അടിസ്ഥാനത്തിൽ അംഗപരിമിതർക്ക് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ള തസ്തികകളിലെല്ലാം 3 % സംവരണം തുടരുന്നതും ഇവയിൽ ഏതെല്ലാം തസ്തികകളിൽ RPwD ആക്ട് 2016 ൽ അധികമായി പ്രതിപാദിക്കുന്ന മറ്റ് അംഗപരിമിത വിഭാഗങ്ങൾക്ക് (category c, d and e) അനുയോജ്യമാണെന്നും കൂടാതെ അംഗപരിമിത സംവരണം 4 % ആയി ഉയർത്തുമ്പോൾ നിലവിലുള്ള 3% സംവരണത്തിനായി കണ്ടെത്തിയിരിക്കുന്ന തസ്തികകൾക്കു പുറമെ അധികമായ 1 % ഏതെല്ലാം തസ്തികകളിൽ ഏതെല്ലാം അംഗപരിമിത വിഭാഗങ്ങൾക്ക് അനുവദിക്കാമെന്നുമുള്ള വിഷയങ്ങൾ ടി ആക്ടിലെ സെക്ഷൻ 33 പ്രകാരം രൂപീകരിച്ചിട്ടുള്ള എക്സ്പർട്ട് കമ്മിറ്റി പരിഗണിക്കുന്നതും, ഇതു സംബന്ധിച്ച ഉത്തരവ് പ്രത്യേകമായി പുറപ്പെടുവിക്കുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ബിജു പ്രഭാകർ**
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം )
ഡയറക്ടർ സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
എല്ലാ വകുപ്പ് മേധാവികൾക്കും
സെക്രട്ടറിയറ്റിലെ നിയമം ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
അക്കൌണ്ടന്റ് ജനറൽ ( എ & ഇ /ജി & എസ്സ് .എസ്സ് .എ ),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Jasmin Thomas
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്- കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ 2016 ലെ അംഗപരിമിതാവകാശ നിയമം പ്രകാരം 4 % അംഗപരിമിത സംവരണം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(അച്ചടി)നം.11/2019/സാ.നീ.വ തിരുവനന്തപുരം, തീയതി 25.10.2019

പരാമർശം- 1. സ.ഉ(പി)നം.12/2017/ഉ.ഭ.പ.വ തീയതി 23.12.2017
2. 19.6.2018 ലെ സ.ഉ(പി)8/2018/സാ.നീ.വ
3. സ.ഉ(പി)നം.4/2019/ഉ.ഭ.പ.വ തീയതി 11.7.2019
4. 18.9.2019 ലെ എക്സ്പർട്ട് കമ്മിറ്റിയുടെ യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

Persons with Disabilities(Equal Opportunities, Protection of Rights and Full Participation) Act, 1995 റദ്ദാക്കിക്കൊണ്ട് കേന്ദ്രസർക്കാർ 19.4.2017 ലെ വിജ്ഞാപന പ്രകാരം Rights of Persons with Disabilities Act 2016 പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ആക്റ്റിന്റെ സെക്ഷൻ 34(1)പ്രകാരം സർക്കാർ എസ്റ്റാബ്ലിഷ്മെന്റുകളിൽ ടി സെക്ഷനിൽ പ്രതിപാദിക്കുന്ന അംഗപരിമിത വിഭാഗങ്ങൾക്ക് 4% ൽ കുറയാത്ത സംവരണം നൽകണമെന്ന് നിഷ്കർഷിക്കുന്നു.

2. പരാമർശം 1, 3 സർക്കാർ വിജ്ഞാപനങ്ങൾ പ്രകാരം സംസ്ഥാനത്ത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

3. Rights of Persons with Disabilities Act 2016 സെക്ഷൻ 33 അനുശാസിക്കുന്ന പ്രകാരം അംഗപരിമിതർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനായി പരാമർശം 2 പ്രകാരം രൂപീകരിച്ച എക്സ്പർട്ട് കമ്മിറ്റിയുടെ 18.9.2019 ൽ ചേർന്ന യോഗത്തിൽ അംഗപരിമിതർക്ക് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ സംവരണം അനുവദിക്കുന്ന വിഷയം പരിഗണിക്കുകയും 2019 ലെ യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ പ്രതിപാദിക്കുന്ന അതേ മാനദണ്ഡങ്ങൾ KAS ലെ അംഗപരിമിത സംവരണത്തിനായും പിന്തുടരുന്നതിനായി ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

4. എക്സ്പർട്ട് കമ്മിറ്റിയുടെ യോഗ തീരുമാനത്തിന്റെയും Rights of Persons with Disabilities Act 2016 സെക്ഷൻ 34(1) ലെ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ Benchmark disability ഉള്ള താഴെ പറയുന്ന അംഗപരിമിത വിഭാഗങ്ങൾക്ക് അവയ്ക്ക് നേരെ സൂചിപ്പിച്ചിട്ടുള്ള functional classification ഉം physical requirements ഉം അപേക്ഷകർക്ക് വേണമെന്ന നിബന്ധനയോടെ 4% അംഗപരിമിത സംവരണം ഏർപ്പെടുത്തുന്നു.

| Name of the service | Category(ies) for which identified | Functional Classification | | Physical Requirements |
|---|---|---|---|---|
| Kerala Administrative Service | i. Blindness and Low vision | LV | | MF, PP, S, ST, W, L, C, RW, H, KC, BN |
| | | B | | MF, PP, S, ST, W, L, C, RW(in braille/software), H, KC, BN |
| | ii. Deaf and Hard of Hearing | FD, HH | | PP, S, ST, W, L, C, RW, KC, BN |
| | iii. Locomotor disability including Cerebral Palsy, Leprosy Cured, Dwarfism, Acid Attack victims | OA, OL, BA, BH, MW, OAL, Cerebral Palsy, Leprosy Cured, Dwarfism, Acid Attack victims | | S, ST, W, SE, H, RW, C |
| | | BLA, BLOA, BL | | S, SE, H, RW, C |
| | iv. Multiple disability including only above three sub-categories | 1. | Low vision +HH | MF, PP, S, ST, W, L, C, RW, H, KC, BN, SE |
| | | 2. | OA+Low vision | MF, PP, S, ST, W, L, C, RW, H, KC, BN, SE |
| | | | OL+Low vision | |
| | | | Leprosy cured+Low vision | |
| | | | Acid attack victims +Low vision | |
| | | | Dwarfism +Low vision | |
| | | 3. | OL+Blindness | MF, PP, S, ST, W, L, C, RW(in braille/software), H, KC, BN, SE |
| | | | Dwarfism+Blindness | |
| | | 4. | OA+HH | MF, PP, S, ST, W, L, C, RW, |

| | | | | |
|---|---|---|---|---|
| | | | OL+HH | H, KC, BN, SE കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ 2016 ലെ അംഗപരിമിതാവകാശ നിയമം പ്രകാരം 4 % അംഗപരിമിത സംവരണം അനുവദിച്ചു കൊണ്ട് |
| | | | OL+Deaf | |
| | | | Leprosy cured +HH | |
| | | | Acid attack victims +HH | |
| | | | Dwarfism +Deaf | |
| | | | Dwarfism +HH | |
| | | 5. | OA+Low vision +HH | MF, PP, S, ST, W, L, C, RW, H, KC, BN, SE |
| | | | OL+Low vision +HH | |
| | | | Leprosy cured +Low vision +HH | |
| | | | Acid attack victims +Low vision+HH | |
| | | | Dwarfism +Low vision +HH | |

**Abbreviations**

| Code | Physical Requirements | Code | Functional Classification |
|---|---|---|---|
| S | Sitting | OH | Orthopaedically Handicapped |
| ST | Standing | VH | Visually Handicapped |
| W | Walking | HH | Hearing Handicapped |
| SE | Seeing | OA | One Arm |
| H | Hearing/Speaking | OL | One Leg |
| RW | Reading and Writing | BA | Both Arm |
| C | Communication | BH | Both Hands |
| MF | Manipulation by Finger | MW | Muscular Weakness |
| PP | Pushing & Pulling | OAL | One Arm One Leg |
| L | Lifting | BLA | Both Legs and Arms |
| KC | Kneeling and Crouching | BLOA | Both Legs One Arm |
| BN | Bending | LV | Low Vision |
| M | Movement | B | Blind |

6/6

| | | | |
|---|---|---|---|
| JU | Jumping | PD | Partially Deaf |
| CL | Climbing | FD | Fully Deaf |
| | | BL | Both Legs |
| | | D | Dwarfism |
| | | CP | Cerebral Palsy |
| | | LC | Leprosy Cured |
| | | AAV | Acid Attack Victims |
| | | MD | Multiple Disabilities |

ii) സംവരണാനുകൂല്യം ലഭിക്കുന്നതിനായി KAS അപേക്ഷകർ അനുബന്ധമായി ചേർത്തിരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

iii) പരാമർശം 1 ലെ നോട്ടിഫിക്കേഷനിൽ പ്രതിപാദിക്കുന്ന പ്രകാരം KAS ന്റെ 3 സ്ട്രീമുകളിലും മേല്പറഞ്ഞ പ്രകാരം 4% അംഗപരിമിത സംവരണം അനുവദിക്കുന്നു.

iv) മേല്പറഞ്ഞ പ്രകാരമുള്ള 4% സംവരണം എപ്രകാരം നടപ്പിലാക്കണമെന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം (with C/L)
സെക്രട്ടറി, പൊതു ഭരണ വകുപ്പ്
സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, വികാസ്ഭവൻ, തിരുവനന്തപുരം
കമ്മീഷണർ, അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്, പൂജപ്പുര, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Jasmin Thomas
സെക്ഷൻ ഓഫീസർ

5/6

ANNEXURE

# JOB ORIENTED PHYSICAL AND FUNCTIONALITY CERTIFICATION

Recent passport size attested photograph of the person with disability.

**Certificate No:** **Date of issue:**

This is to certify that I have carefully examined Shri/Smt/Kum ________________ son/wife/daughter of Shri ________________ Date of Birth (DD/MM/YY) __/__/__ Age __years, male/female ______ with disability certificate No.________________

Permanent resident of House No.__________ Ward/Village/Street ______________ Post Office ______________ District ____________ State Kerala, whose photograph is affixed above, has been evaluated for the job oriented physical and functional capabilities, and is shown against the physical requirement and Categories of disability.

**Physical Requirement**

Please mark "yes" if physical requirement is present, Strike out if the requirement is not present

Example: One Arm -- if present - [Yes] One Arm – if absent - [/]

| | | | | | |
|---|---|---|---|---|---|
| 1 | One Arm (OA) | | 15 | Kneeling & Crouching (KC) | |
| 2 | One Leg (OL) | | 16 | Lifting (L) | |
| 3 | One Arm and One Leg (OAL) | | 17 | Movement (M) | |
| 4 | Both Arms (BA) | | 18 | Manipulation by Fingers (MF) | |
| 5 | Both Leg (BL) | | 19 | Observing (Watching) (O) | |
| 6 | Both Legs and Arms (BLA) | | 20 | Picking (P) | |
| 7 | Both Legs and One Arm (BLOA) | | 21 | Pulling and Pushing (PP) | |
| 8 | Bending (BN) | | 22 | Reading (R) | |
| 9 | Communication (C) | | 23 | Seeing (SE) | |
| 10 | Climbing (CL) | | 24 | Sitting (S) | |
| 11 | Crawling (CRL) | | 25 | Standing (ST) | |
| 12 | Hearing (H) | | 26 | Walking (W) | |
| 13 | Holding (HO) | | 27 | Writing (WR) | |
| 14 | Jumping (JU) | | | | |

Jasmin Thomas

## Categories of Disability

| | | | | |
|---|---|---|---|---|
| **I Visual Impairment (VI)** | | | | |
| Ia | Blindness (B)<br>Category IV a - 90%<br>IV b - 100% | | Ib | Low Vision (LV)<br>Category IIIa (Low Vision 40%)<br>IIIb (Low Vision 50%)<br>IIIc (Low Vision 60%)<br>IIId (Low Vision 70%)<br>IIIe (Low Vision 80%) |
| **II Hearing Impairment (HI)** | | | | |
| IIa | Deaf (D) (70dB loss in BE)<br>Communication as assessed in WHODAS 2 % | | IIb | Hard of Hearing(HH)(60-70dB loss in BE) |
| IIc | Speech and Language Disability (SL) % | | | |
| **III. Locomotor disability including cerebral palsy, leprosy cured, dwarfism, acid attack victims and muscular dystrophy:** | | | | |
| IIIa | Dwarfism (DW) ______% <br>Communication as assessed in WHODAS 2 ________% | | IIIe | Cerebral Palsy (CP)<br>GMFCS Level I (<40%)<br>Level II (40-50%)<br>Level III (51-60%))<br>Level IV (61-79%)<br>Level V (80% or more)<br>MACS Level I (20%)<br>Level II (30%)<br>Level III (40%))<br>Level IV (55%)<br>Level V (70% or more) |
| IIIb | Leprosy Cured (LC)<br>WHO Grading Grade 0<br>Grade 1<br>Grade 2 | | | |
| IIIc | Muscular Dystrophy (MD) _____ % | | IIId | Acid Attack Victims (AAV)<br>______________% |
| **Category IV** | | | | |
| IVa | Autism (ASD) | | IVb | Specific Learning Disability (SLD)<br>% |
| IVc | Intellectual Disability (ID)<br>VSMS Score Disability – 100%<br>Disability – 90%<br>Disability – 75%<br>Disability – 50%<br>Disability 25% | | IVd | Mental Illness (MI)<br>IDEAS Scoring 0-No disability<br>1-Mild<br>2-Moderate<br>3-Severe<br>4-Profound |
| V | **Category V - Multiple Disability**<br>Disability 1 ..................%<br>Disability 2 ..................% | | | 2 Disabilities – a + [b x (90-a)] / 90 if a > b<br>Overall Disability Percentage ..................% |

(Guidelines for evaluation of various disabilities and procedure for certification, Jan 5, 2018, Gazette of India)

Authorised Signatory of notified Medical Authority
Name and seal

PDF processed with CutePDF evaluation edition www.CutePDF.com

1470
28/11/19

കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2018 ഡിസംബർ 6<br>6th December 2018<br>1194 വൃശ്ചികം 20<br>20th Vrischikam 1194<br>1940 അഗ്രഹായനം 15<br>15th Agrahayana 1940 | നമ്പർ<br>No. 3085 |

## GOVERNMENT OF KERALA

### Home (C) Department

### NOTIFICATION

G. O. (P) No.75/2018/Home.

*Dated, Thiruvananthapuram,* *3rd December, 2018*
*17th Vrischikam, 1194*
*12th Agrahayana, 1940.*

**S. R. O. No. 878/2018.**—In exercise of the powers conferred by section 84 of the Rights of Persons with Disabilities Act, 2016 (Central Act 49 of 2016), the Government of Kerala, with the concurrence of the Chief Justice of the High Court of Kerala, hereby designate the Additional District and Sessions Courts mentioned in column(2) of the Schedule below as Special Court under the said Act for the Districts specified in column (3) thereof namely:—

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2018.

33/4563/2018/S-15.

SCHEDULE

| *Sl. No.* | *Name of the Court* | *Area of jurisdiction (Judicial District)* |
|---|---|---|
| (1) | (2) | (3) |
| 1 | Additional District and Sessions Court-IV, Thiruvananthapuram | Thiruvananthapuram |
| 2 | Additional District and Sessions Court-III, Kollam | Kollam |
| 3 | Additional District and Sessions Court-III, Pathanamthitta | Pathanamthitta |
| 4 | Additional District and Sessions Court-III, Alappuzha | Alappuzha |
| 5 | Additional District and Sessions Court-IV, Kottayam | Kottayam |
| 6 | Additional District and Sessions Court-III, Thodupuzha | Thodupuzha |
| 7 | Additional District and Sessions Court-VI, Ernakulam | Ernakulam |
| 8 | Additional District and Sessions Court-III, Thrissur | Thrissur |
| 9 | Additional District and Sessions Court-V, Palakkad | Palakkad |
| 10 | Additional District and Sessions Court-III, Manjeri | Manjeri |

| (1) | (2) | (3) |
|---|---|---|
| 11 | Additional District and Sessions Court-I, Kozhikode | Kozhikode |
| 12 | Additional District and Sessions Court-II, Kalpetta | Kalpetta |
| 13 | Additional District and Sessions Court-III, Thalassery | Thalassery |
| 14 | Additional District and Sessions Court-III, Kasaragod | Kasaragod |

By order of the Governor,

SUBRATA BISWAS,
*Additional Chief Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Section 84 of the Rights of Persons with Disabilities Act, 2016 (Central Act 49 of 2016) provides that the State Government shall, with the concurrence of the Chief Justice of the High Court, by notification, specify for each District, a Court of Session to be a Special Court to try the offences under this Act. Therefore Government, in consultation with the Chief Justice of the High Court of Kerala, have decided to designate one Additional District and Sessions Courts in each District as Special Courts under the said Act.

The notification is intended to achieve the above object.

3541
19/2/18

©

കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 ജനുവരി 30<br>30th January 2018<br>1193 മകരം 16<br>16th Makaram 1193<br>1939 മാഘം 10<br>10th Magha 1939 | നമ്പർ<br>No. 191 |

## GOVERNMENT OF KERALA

**Social Justice (D) Department**

NOTIFICATION

G. O. (P) No. 2/2018/SJD.

*Dated, Thiruvananthapuram, 26th January, 2018 / 6th Magha, 1939.*

**S. R. O. No. 60/2018.**—In exercise of the powers conferred by section 66 of the Rights of Persons with Disabilities Act, 2016 (Central Act 49 of 2016), the Government of Kerala hereby constitute the State Advisory Board on disability, for the purposes of the said Act, consisting of the following persons, namely:—

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2018.

33/330/2018 S-23.

## EX-OFFICIO MEMBERS

**(a) Minister in-charge**

| | | |
|---|---|---|
| Minister for Health and Social Justice | .. | Chairperson, ex-officio |

**(b) Secretaries to Government**

| | | | |
|---|---|---|---|
| (i) | Secretary to Government, Social Justice Department | .. | Member, ex-officio |
| (ii) | Secretary to Government, General Education Department | .. | Member, ex-officio |
| (iii) | Secretary to Government, Higher Education Department | .. | Member, ex-officio |
| (iv) | Secretary to Government, Finance Department | .. | Member, ex-officio |
| (v) | Secretary to Government, Personnel and Administrative Reforms Department | .. | Member, ex-officio |
| (vi) | Secretary to Government, Health and Family Welfare Department | .. | Member, ex-officio |
| (vii) | Secretary to Government, Housing Department | .. | Member, ex-officio |
| (viii) | Secretary to Government, Industries Department | .. | Member, ex-officio |
| (ix) | Secretary to Government, Labour and Skills Department | .. | Member, ex-officio |
| (x) | Secretary to Government, Planning and Economic Affairs Department | .. | Member, ex-officio |
| (xi) | Secretary to Government, Local Self Government Department | .. | Member, ex-officio |

(xii) Secretary to Government, Electronics and Information Technology Department .. Member, ex-officio

(xiii) Secretary to Government, Law Department .. Member, ex-officio

(xiv) Secretary to Government, Sports and Youth Affairs Department .. Member, ex-officio

**(c) Legislative Assembly Members**

(i) Shri Anoop Jacob, MLA (Piravom) Thanikunnel, Oliyappuram P. O., Koothattukulam, Ernakulam-686 662 .. Member, ex-officio

(ii) Shri Chittayam Gopakumar, MLA (Adoor), Shangrila, Konnamankara, Adoor P. O., Pathanamthitta-691 523 .. Member, ex-officio

(iii) Shri C. K. Hareendran, MLA (Parassala), Sindhooram, Maruthoor, Koottapana, Neyyattinkara P. O., Thiruvananthapuram-695 121 .. Member, ex-officio

NOMINATED MEMBERS

**(a) Experts in the field of disability and rehabilitation**

(i) Prof. K. A. Chandrasekharan, Nithyachaitanya, Veliyam West P. O., Kollam-691 540 .. Member

(ii) Dr. M. R. Yasodharan, Arsha, Thekkumkara, Anad P. O., Nedumangad, Thiruvananthapuram .. Member

| | | | |
|---|---|---|---|
| (iii) | Dr. P. P. Baburaj,<br>Palamkunnil (H),<br>Gandhinagar P. O.,<br>Kottayam-08 | .. | Member |
| (iv) | Dr. K. N. Pavithran,<br>CLRA-2, Rohini, Church Lane,<br>Chavadi Mukku, Sreekaryam P. O.,<br>Thiruvananthapuram | .. | Member |
| (v) | Adv. Parasuvakkal Mohanan,<br>Aiswarya, Kallatharakkal,<br>Parasuvakkal P. O.,<br>Thiruvananthapuram | .. | Member |

**(b) Members representing the Districts**

| | | | |
|---|---|---|---|
| (i) | Shri Sreelal, S.,<br>Pandarathil House,<br>Sakthikulangara P. O.,<br>Kollam-691 581 | .. | Member (Representing Kollam District) |
| (ii) | Major Sudhakar Pillai (Rtd.),<br>Sreechitra, Kallamalai,<br>Kallekulangara P. O.,<br>Palakkad-678 009 | .. | Member (Representing Palakkad District) |
| (iii) | Shri Balan Pootheri,<br>Pootheri House, Karippur P. O.,<br>Malappuram-673 638 | .. | Member (Representing Malappuram District) |
| (iv) | Shri P. R. Mahadevan,<br>Gayathripoorna, Kairali Nagar,<br>Mangayil Junction, Udayamperoor,<br>Via Tripunithura,<br>Ernakulam-682 302 | .. | Member (Representing Ernakulam District) |
| (v) | Shri Suresh Kumar, S.,<br>Kakkanad Veedu, Veroor P. O.,<br>Changanassery-686 104 | .. | Member (Representing Kottayam District) |

**(c) Members representing Non-Governmental Organisations and Associations**

| | | | |
|---|---|---|---|
| (i) | Shri Jayakumar,<br>Kadamberi, Kanoor P. O.,<br>Kannur | .. | Member |
| (ii) | Shri A. Shanmughan,<br>Kusumam,<br>T.C. 20/2655(1), Sasi Arts,<br>Karamana P. O.,<br>Thiruvananthapuram | .. | Member |
| (iii) | Shri Muraleedharan, T. N,<br>Upasana, Morara P. O., Kannur | .. | Member |
| (iv) | Shri K. K. Shaju,<br>Kurichiyath Veedu,<br>Vellikulangara P. O.,<br>Thrissur | .. | Member (Representing Scheduled Caste) |
| (v) | Shri M. R. Rajan,<br>Mundamkutti House,<br>Thrissilleri P. O.,<br>Kattikulam, Mananthavadi,<br>Wayanad | .. | Member (Representing Scheduled Tribe) |
| (vi) | Smt. M. P. Kairali,<br>Krishnakripa, Puduppariyaram P. O.,<br>Palakkad | .. | Member |
| (vii) | Smt. Kamalakshi Jayaprakash,<br>Mannekottu, Vadakkathil House,<br>Chelakode P. O., Chelakkara,<br>Thrissur | .. | Member |
| (viii) | Smt. Arya Baiju,<br>Puthenpurayil, Valiyaparambu P. O.,<br>Karthikappally, Alappuzha | .. | Member |

(ix) Smt. Thankamani, K, .. Member
Visakh Bhavan, Kottayappan Kavu,
Mylamoodu P. O., Pangode,
Nedumangad, Thiruvananthapuram

(x) Smt. K. Omanalatha, .. Member
Saranga, Arakinar P. O.,
Kozhikode-28.

**(d) Members representing State Chamber of Commerce and Industry**

(i) Shri C. K. Mohanan Nair, .. Member
Chamath Vayalil, Chengaroor P. O.,
Mallappally, Pathanamthitta

(ii) Shri Ajikumar, S., .. Member
Ambadi, Perumbalam,
Panthalacode P. O.,
Njandoorkonam,
Thiruvananthapuram

(iii) Shri Haneefa, C. A., .. Member
Thashkant House, Pannippara,
Muttathody P. O., Kasaragod.

MEMBER SECRETARY

Additional Secretary to Government, .. Member-Secretary,
Social Justice Department ex-officio.

By order of the Governor,

BIJU PRABHAKAR,
*Special Secretary to Government.*

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

The Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act, 1995 (Central Act 1 of 1996) has been repealed by the Rights of Persons with Disabilities Act, 2016 (Central Act 49 of 2016). The State Co-ordination Committee was constituted under section 13 of the said Act which was issued as G. O. (P) No. 19/12/SWD dated 23rd March, 2012 and published as S.R.O. No. 190/2012 in the Kerala Gazette Extraordinary No. 594 dated 24th March, 2012. The term of the said committee has expired. Section 66 of the Rights of Persons with Disabilities Act, 2016 provides for the constitution of a body known as State Advisory Board on disability to exercise the powers conferred on and to perform the functions assigned to it under the Act. Hence the Government have decided to constitute a State Advisory Board on disability and to nominate its members.

The notification is intended to achieve the above object.

12409
26/6/18

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്- 2016 ലെ അംഗപരിമിതാവകാശ നിയമം-അംഗപരിമിതർക്കുള്ള തൊഴിൽ സംവരണം-അനുയോജ്യമായ തസ്തികകൾ കണ്ടെത്തുവാനുള്ള (identify) വിദഗ്ധ കമ്മിറ്റി(Expert Committee) രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(അച്ചടി) നം.8/2018/സാ.നീ.വ തിരുവനന്തപുരം, തീയതി 19.6.2018

---

പരാമർശം- 1. സ.ഉ(പി) നം.21/08/സാ.ക്ഷേ.വ തീയതി 7.3.2008

2. സ.ഉ(പി) നം.24/08/സാ.ക്ഷേ.വ തീയതി 11.4.2008

3. 21.3.2018 ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ D3-2132/18 നമ്പർ കത്ത്

4. 13.4.2018 ൽ സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

പരാമർശം 1, 2 പ്രകാരം 1995 ലെ അംഗപരിമിത (തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും മുഴുവൻ പ്രാതിനിധ്യവും) നിയമത്തിലെ 33 വകുപ്പ് പ്രകാരം വിഭാവനം ചെയ്തിരിക്കുന്ന അംഗപരിമിതർക്കായുള്ള 3% സംവരണം ഉറപ്പ് വരുത്തി അംഗപരിമിത വിഭാഗങ്ങൾക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനായി വിദഗ്ധ കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവായിരുന്നു.

കേന്ദ്ര സർക്കാർ Rights of Persons with Disabilities Act, 2016 (അംഗപരിമിതാവകാശ നിയമം 2016) 19.4.2017 മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. ടി ആക്ടിലെ സെക്ഷൻ 34 പ്രകാരം സർക്കാർ സംരംഭങ്ങളിൽ അംഗപരിമിതർക്ക് 4% ൽ കുറയാത്ത സംവരണം നൽകുവാൻ വിവക്ഷിക്കുന്നു. ആയത് താഴെ പറയുന്ന അഞ്ച് വിഭാഗങ്ങളിൽ a, b, c എന്നീ അംഗപരിമിത വിഭാഗങ്ങൾക്ക് ഒരു ശതമാനം വീതവും d, e എന്നീ വിഭാഗങ്ങൾക്കായി ഒരു ശതമാനവും സംവരണം നൽകുവാൻ അനുശാസിക്കുന്നു.

a. blindness and low vision

b. deaf and hard of hearing

c. locomotor disability including cerebral palsy, leprosy cured, dwarfism, acid attack victims and muscular destrophy

d. autism, intellectual disability, specific learning disability and mental illness

e. multiple disabilities from amongst persons under clauses (a) to (d) including deaf-blindness

ടി ആക്ടിന്റെ സെക്ഷൻ 33(ii) പ്രകാരം ടി അംഗപരിമിത വിഭാഗങ്ങൾക്ക് അനുയോജ്യമായ തസ്തിക കണ്ടെത്തുന്നതിനായി അടിസ്ഥാന അംഗപരിമിതത്വമുള്ളവരുടെ (benchmark disability) പ്രാതിനിധ്യത്തോടു കൂടി ഒരു എക്സ്പർട്ട് കമ്മിറ്റി അതാത് സർക്കാർ രൂപീകരിക്കണമെന്ന് വിവക്ഷിക്കുന്നു.

അടിസ്ഥാന അംഗപരിമിതത്വമുള്ളവർക്ക് (benchmark disability) പ്രാതിനിധ്യം നൽകിക്കൊണ്ട് നിലവിലെ എക്സ്പർട്ട് കമ്മിറ്റികൾ വിപുലീകരിച്ചു കൊണ്ട് ഉത്തരവാകണമെന്ന് പരാമർശം 3 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

നിലവിലെ എക്സ്പർട്ട് കമ്മിറ്റി അംഗങ്ങളെയും അംഗപരിമിതാവകാശ സംരക്ഷണ നിയമം, 2016 പ്രകാരം പുതുതായി നിർദ്ദേശിച്ചിരിക്കുന്ന വൈകല്യ വിഭാഗ മേഖലയിൽ നിന്നുള്ള വിദഗ്ധരെയും അംഗപരിമിത സംഘടനകളുടെ പ്രതിനിധികളെയും ഉൾപ്പെടുത്തി സർക്കാർ സംരംഭങ്ങളിലെ അംഗപരിമിതർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിന് ഒരു എക്സ്പർട്ട് കമ്മിറ്റി, നിലവിലെ രണ്ട് എക്സ്പർട്ട് കമ്മിറ്റികളെയും വിപുലീകരിച്ചുകൊണ്ട് രൂപീകരിക്കുവാൻ പരാമർശം 4 പ്രകാരം തീരുമാനിച്ചിരുന്നു.

അംഗപരിമിതാവകാശ സംരക്ഷണ നിയമം, 2016 ലെ സെക്ഷൻ 33(ii) പ്രകാരം അംഗപരിമിതർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനായി താഴെ പറയുന്ന അംഗങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു എക്സ്പർട്ട് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി - ചെയർമാൻ
2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ -കൺവീനർ
3. സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കരണ വകുപ്പ്
4. സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യം(ബി.പി.ഇ) വകുപ്പ്
5. കമ്മീഷണർ, അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ് (മെമ്പർ സെക്രട്ടറി )
6. ലേബർ കമ്മീഷണർ, തിരുവനന്തപുരം
7. ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം
8. ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
9. ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
10. ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ് വകുപ്പ്, തിരുവനന്തപുരം
11. എക്സിക്യൂട്ടീവ് ഡയറക്ടർ, നിഷ്, ശ്രീകാര്യം.പി.ഒ, തിരുവനന്തപുരം

ഓരോ അംഗപരിമിത വിഭാഗത്തിനെയും സംബന്ധിക്കുന്ന നിയമന കാര്യത്തിൽ അഭിപ്രായം ആരായുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന വിദഗ്ദ്ധ ഡോക്ടർമാരെ സമിതി കൺസൾട്ടന്റുമാരായി യോഗത്തിലേയ്ക്ക് ക്ഷണിക്കേണ്ടതാണ്:-

1. പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഒഫ്ത്താൽമോളജി, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
2. പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഇ.എൻ.റ്റി മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
3. പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഓർത്തോപീഡിക്, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
4. പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് സൈക്യാട്രി, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
5. പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ മെഡിസിൻ, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
6. പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ന്യൂറോളജി, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം

എക്സ്പേർട്ട് കമ്മിറ്റിയിലെ അടിസ്ഥാന അംഗപരിമിതത്വമുള്ളവരുടെ (bench mark disability) പ്രതിനിധികളായി അംഗപരിമിത സംഘടനകളിലെ പ്രതിനിധികളെ ക്ഷണിക്കേണ്ടതാണ്. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അംഗപരിമിത സംഘടനകളുടെ പട്ടിക തയ്യാറാക്കി സമർപ്പിക്കേണ്ടതും ആയത് ഉത്തരവിനനുസൃതമായി കൃത്യമായ ഇടവേളകളിൽ പരിഷ്ക്കരിക്കേണ്ടതുമാണ്.

എകസ്പർട്ട് കമ്മിറ്റികളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്:-

1. Rights of Persons with Disabilities Act, 2016 ലെ സെക്ഷൻ 33(iii) പ്രകാരം അംഗപരിമിതർക്കായി കണ്ടെത്തിയ തസ്തികകൾ മൂന്ന് വർഷത്തിൽ കുറയാത്ത കൃത്യമായ ഇടവേളകളിൽ പുനരവലോകനം (review) നടത്തേണ്ടതാണ്.
2. അടിയന്തിര സന്ദർഭങ്ങളിൽ ബന്ധപ്പെട്ട മേഖലയിൽ വിദഗ്ദ്ധനായ ഒരംഗമെങ്കിലും ഉണ്ടെങ്കിൽ എക്സ്പേർട്ട് കമ്മിറ്റി ചെയർമാന് അപ്പോൾ ലഭ്യമായ അംഗങ്ങളുടെ (available expert committee) യോഗം വിളിച്ചു ചേർക്കാവുന്നതും ടി തീരുമാനങ്ങൾ അടുത്ത മുഴുവൻ അംഗ കമ്മിറ്റി യോഗത്തിൽ സാധൂകരിക്കാവുന്നതുമാണ്.

3. എക്സ്പർട്ട് കമ്മിറ്റിയിൽ പരിഗണിക്കുന്ന തസ്തികകളുടെ നിയമനാധികാരികളേയും തസ്തികകളുമായി ബന്ധപ്പെട്ട കമ്മിറ്റിയിൽ അംഗങ്ങളല്ലാത്ത വിദഗ്ധരെയും പ്രത്യേക ക്ഷണിതാക്കളായി യോഗത്തിലേയ്ക്ക് ക്ഷണിക്കേണ്ടതാണ്.
4. അവശ്യ സന്ദർഭങ്ങളിൽ അഭിപ്രായം അറിയിക്കുന്നതിനായി പി.എസ്.സി യുടെ പ്രതിനിധിയെയും യോഗത്തിലേക്ക് ക്ഷണിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, വികാസ്ഭവൻ, തിരുവനന്തപുരം
സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ്
സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യം(ബി.പി.ഇ) വകുപ്പ്
കമ്മീഷണർ, അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്, പൂജപ്പുര, തിരുവനന്തപുരം
ലേബർ കമ്മീഷണർ, വികാസ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, നിഷ്, ശ്രീകാര്യം.പി.ഒ, തിരുവനന്തപുരം
പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഒഫ്ത്താൽമോളജി, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഇ.എൻ.റ്റി മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഓർത്തോപീഡിക് മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് സൈക്യാട്രി, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ മെഡിസിൻ, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ന്യൂറോളജി, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

6228
29/11/18

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്- 2016 ലെ അംഗപരിമിതാവകാശ നിയമം-അംഗപരിമിതർക്കുള്ള തൊഴിൽ സംവരണം-അനുയോജ്യമായ തസ്തികകൾ കണ്ടെത്തുവാനുള്ള (identify) വിദഗ്ധ കമ്മിറ്റി(Expert Committee)യിൽ വിവിധ അംഗപരിമിത വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന സംഘടനകളെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(അച്ചടി) നം.10/2018/സാ.നീ.വ തിരുവനന്തപുരം, തീയതി 7.8.2018

പരാമർശം- 1. സ.ഉ(അച്ചടി) നം.8/2018/സാ.നീ.വ തീയതി 19.6.2018
2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 28.7.2018 ലെ D3/2132/2018 നമ്പർ കത്ത്

## ഉത്തരവ്

അംഗപരിമിതാവകാശ സംരക്ഷണ നിയമം, 2016 (Rights of Persons with Disabilities Act, 2016) പ്രകാരം അംഗപരിമിതർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനായി ഒരു എക്സ്പർട്ട് കമ്മിറ്റി പരാമർശം 1 പ്രകാരം രൂപീകരിച്ച് ഉത്തരവായിരുന്നു. ടി ആക്ടിന്റെ സെക്ഷൻ 33(ii) പ്രകാരം അടിസ്ഥാന അംഗപരിമിതത്വമുള്ളവർക്ക് (benchmark disability) എക്സ്പർട്ട് കമ്മിറ്റിയിൽ പ്രാതിനിധ്യം നൽകണമെന്ന് വിവക്ഷിച്ചിട്ടുണ്ട്.

അതിന്റെ അടിസ്ഥാനത്തിൽ എക്സ്പർട്ട് കമ്മിറ്റിയിൽ വിവിധ അംഗപരിമിത വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന സംഘടനകളെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പരിവാർ കേരള
2. ഡിഫറന്റ്ലി ഏബിൾഡ് പേഴ്സൺസ് വെൽഫയർ ഫെഡറേഷൻ(DAWF)
3. അസോസിയേഷൻ ഓഫ് ഡെഫ്
4. നാഷണൽ അസോസിയേഷൻ ഫോർ ദി ബ്ലൈൻഡ്
5. ഓട്ടിസം ക്ലബ്

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിജു പ്രഭാകർ ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യം വകുപ്പ്
സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
കമ്മീഷണർ, അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്, പൂജപ്പുര, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ, തിരുവനന്തപുരം
ലേബർ കമ്മീഷണർ, വികാസ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, നിഷ്, ശ്രീകാര്യം.പി.ഒ, തിരുവനന്തപുരം
പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഒഫ്ത്താൽമോളജി, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഇ.എൻ.റ്റി മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഓർത്തോപീഡിക് മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം

പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് സൈക്യാട്രി, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം

പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിസിക്കൽ മെഡിസിൻ, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം

പ്രൊഫസർ ആന്റ് ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ന്യൂറോളജി, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം

ഡിഫറന്റ്ലി ഏബിൾഡ് പേഴ്സൺസ് വെൽഫയർ ഫെഡറേഷൻ(DAWF), പ്രതീക്ഷാ ഭവൻ, TC.28/04, നന്ദൻകോട്, TSGRA 33, തൈക്കാട്.പി.ഒ, തിരുവനന്തപുരം

പരിവാർ കേരള, Reg.No.ER 60/2011, D33/2474A, അനുഗ്രഹ ലെയിൻ, ലേബർ കോളനി റോഡ്, തമ്മനം, കൊച്ചി-682032

നാഷണൽ അസോസിയേഷൻ ഫോർ ദി ബ്ലൈൻഡ്, കേരള സ്റ്റേറ്റ് ബ്രാഞ്ച്, മഞ്ചാടി വിള, പ്ലാമൂട് റോഡ്, കവടിയാർ പി ഒ 695003

അസോസിയേഷൻ ഓഫ് ഡെഫ്, രജി.നം.101/89, ഇരവിപേരൂർ, തിരുവല്ല, പത്തനംതിട്ട

ഓട്ടിസം ക്ലബ്, ലൈല നിവാസ്, വെൺപാലവട്ടം, ആനയറ, തിരുവനന്തപുരം-695029

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ